**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5315** **21-03-2025 - ൽ മറുപടിയ്ക്ക്**

**തിരൂരിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | തിരൂരിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ ആരംഭിക്കുവാൻ നിലവിൽ തീരുമാനിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ബസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അത് എന്താണെന്ന് അറിയിക്കാമോ; | (ബി) | തിരൂരിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി ബസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം, കെട്ടിടം, മറ്റ് അനുബന്ധ സൗകര്യങ്ങൾ ഇവയെല്ലാം സൗജന്യമായി ഗ്രാമപഞ്ചായത്തോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ ഒരുക്കി നൽകിയാലും കെ.എസ്.ആർ.ടി.സി. ഓഫീസ് പ്രവർത്തിക്കുന്നതിന് ഏറ്റവും ചുരുങ്ങിയത് പ്രതിവർഷം ശരാശരി 50 ലക്ഷം രൂപയെങ്കിലും ആവർത്തന ചെലവ് വരുമെന്നാണ് കെ.എസ്.ആർ.ടി.സി. കണക്കാക്കിയിരിക്കുന്നത്.<br><br>കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഇത്തരം പുതിയ ബാധ്യതകൾ ഏറ്റെടുക്കുവാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. |
| (സി) | തിരൂരിൽ ഉണ്ടായിരുന്ന കെ.എസ്.ആർ.ടി.സി. സ്റ്റേ സെന്റർ നിർത്തലാക്കിയത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; പ്രസ്തുത സ്റ്റേ സെന്റർ പുനരാരംഭിക്കുമോ; വിശദാംശം നൽകുമോ? | (സി) | തിരൂരിൽ മുനിസിപ്പാലിറ്റി കെ.എസ്.ആർ.ടി.സി.യ്ക്ക് സ്റ്റേ സെന്റർ വാഗ്ദാനം ചെയ്തിരുന്നുവെങ്കിലും നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല. സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റേ സെന്റർ ആരംഭിക്കുന്നത് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ